പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6417

08/11/2016 ൽ മറുപടിക്ക്

## വിജിലൻസിന്റെ സദ്ഭരണം ഓഡിറ്റിംഗ്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എസ്.ശർമ്മ**<br>**ശ്രീ.റ്റി.വി.രാജേഷ്**<br>**ശ്രീ.വി.ജോയി**<br>**ശ്രീ.രാജു എബ്രഹാം** | **ശ്രീ.പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി )** |
| (എ) സംസ്ഥാനത്ത് വിജിലൻസ് വകുപ്പ് 'സദ്ഭരണം ഓഡിറ്റിംഗ്' എന്ന പേരിൽ ഫയൽ ഓഡിറ്റിംഗ് നടത്തുന്നുണ്ടോയെന്ന് വിശദമാക്കുമോ; | (എ) 18/06/2016 ലെ വി.എ.സി.ബി സർക്കുലർ 3/2016 അനുസരിച്ച് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ആസ്ഥാനത്ത് ആറുമാസത്തിലൊരിക്കൽ എന്ന ക്രമത്തിൽ സദ്ഭരണം ഓഡിറ്റിംഗ് നടത്തുന്നുണ്ട്. |
| (ബി) ഇതിന്റെ ഭാഗമായി എന്തൊക്കെ കാര്യങ്ങളാണ് പരിശോധിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) അഴിമതി നിരോധന പ്രവർത്തനങ്ങളിന്മേലുള്ള സ്വാധീനം, അധികാര ദുർവിനിയോഗം, സ്വജന പക്ഷപാതം, കൃത്യ നിർവ്വഹണത്തിലെ ക്രമക്കേടുകൾ, നീതിനിർവ്വഹണത്തിലെ തടസ്സം തുടങ്ങിയവ സംബന്ധിച്ച് വിജിലൻസിനുള്ളിലെ എല്ലാ അന്വേഷണ ഫയലുകളും (QV, VC, VE, SC ഫയലുകൾ) പരിശോധിച്ചു വരുന്നു. മറ്റ് സർക്കാർ വകുപ്പുകളിലും കാലക്രമേണ സദ്ഭരണ ഓഡിറ്റിംഗ് നടപ്പാക്കാനുദ്ദേശിച്ചുള്ള രൂപരേഖ തയ്യാറാക്കലാണ്, വിജിലൻസ് വകുപ്പിൽ ഇപ്പോൾ പരീക്ഷണാടിസ്ഥാന - ത്തിൽ നടത്തുന്ന സദ്ഭരണ ഓഡിറ്റിംഗിന്റെ ഉദ്ദേശ ലക്ഷ്യം. |
| (സി) മുൻസർക്കാരിന്റെ കാലത്ത് വിജിലൻസിനെ ഉപയോഗിച്ച് അട്ടിമറിച്ച ബാർ കോഴ കേസ്, പാറ്റൂർ, കടകംപള്ളി, കളമശ്ശേരി ഭൂമി തട്ടിപ്പ് കേസ്സുകൾ, പാമോലിൻ, ടൈറ്റാനിയം അഴിമതി കേസ്സുകൾ തുടങ്ങിയവ പുനരന്വേഷിക്കാൻ തയ്യാറാകുമോയെന്ന് വ്യക്തമാക്കുമോ; | (സി) ബാർ കോഴ, ടൈറ്റാനിയം അഴിമതി കേസ്സുകൾ വിജിലൻസ് കോടതി നിർദ്ദേശത്തെ തുടർന്ന് വിജിലൻസ് കേസ് പുനരന്വേഷണം നടത്തിവരുന്നു. പാമോലിൻ കേസിൽ ഒരു സ്പെഷ്യൽ പ്രോസിക്യൂട്ടറെ 27/07/2016-ന് നിയമിച്ച് വിചാരണ നടപടികൾ നടത്താനുള്ള ശ്രമങ്ങൾ ആരംഭിച്ചു. കടകംപള്ളി, കളമശ്ശേരി ഭൂമി തട്ടിപ്പ് കേസ്സുകൾ ബഹു.ഹൈക്കോടതി ഉത്തരവ് പ്രകാരം സി.ബി.ഐ.-ക്ക് തുടരന്വേഷണത്തിനായി കൈമാറിയിട്ടുണ്ട്. പാറ്റൂർ ഭൂമി കൈയ്യേറ്റം സംബന്ധിച്ച് സത്വരാന്വേഷണം നടന്നുവരുന്നു. |
| (ഡി) സദ്ഭരണം ഓഡിറ്റിംഗിന്റെ ഫലമായി ഇതുവരെ ശ്രദ്ധയിൽപ്പെട്ട കാര്യങ്ങൾ വെളിപ്പെടുത്തുമോ ? | (ഡി) ക്യൂവി., വി.സി., വി.ഇ. ഫയലുകൾ തുടർച്ചയായി പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുള്ളതും കുറവുകളും ന്യൂനതകളും കണ്ടെത്തിയിട്ടുള്ളത് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കണമെന്നും ഭാവിയിൽ ഇത്തരത്തിലുള്ള അപാകതകൾ ഒഴിവാക്കുന്നതിന് മുൻകരുതലുകൾ വേണമെന്നും കണ്ടെത്തിയിട്ടുണ്ട്. കണ്ടെത്തിയ ചില ന്യൂനതകളിൽ മേൽ നടപടികൾ സ്വീകരിക്കുന്നതിനെക്കുറിച്ച് പരിശോധിക്കുന്നതാണ്. സദ്ഭരണത്തിന്റെ പത്ത് തത്വങ്ങൾ അനുസരിച്ച് ഓരോ വകുപ്പിനുള്ളിലും സദ്ഭരണം ഉറപ്പാക്കുന്നതിനുള്ള ഒരു നൂതന മാനേജ്മെന്റ് രീതിയായാണ് സദ്ഭരണ ഓഡിറ്റിംഗിനെ വിജിലൻസ് പ്രയോജനപ്പെടുത്തുന്നത്. |

**സെക്ഷൻ ഓഫീസർ**